ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഇതിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും നാറ്റ്പാക്ക് റിപ്പോർട്ടിലുണ്ടാകും.

വൈദ്യുതിയുടെ യൂണിറ്റ് വില വർദ്ധനവ്

* 27. [30] ശ്രീ. എ. കെ. ശശീന്ദ്രൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. സി. ജോസഫ് :
,, എം. വി. രാഘവൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതിയുടെ യൂണിറ്റ് വില വർദ്ധിപ്പിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ട് ;

(ബി) 1-4-1986 മുതൽ വൈദ്യുതി നിരക്കുകളും സ്ലാബ് സമ്പ്രദായങ്ങളും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ :

(സി) ഉണ്ടെങ്കിൽ വിശദവിവരം പറയാമോ ;

(ഡി) ഇതുമൂലം ഒരുവർഷത്തിൽ ബോർഡിനുണ്ടാകുന്ന വരുമാനം എത്രയായിരിക്കും ;

(ഇ) ഇന്നു നിലവിലുള്ള സ്ലാബ് സമ്പ്രദായപ്രകാരം വൈദ്യുതി ബോർഡിന് എത്ര രൂപ കൂടുതൽ വരുമാനം ഉണ്ടായിട്ടുണ്ട് ;

(എഫ്) ഈ സ്ലാബ് സമ്പ്രദായം എന്നുമുതലാണ് നടപ്പിലാക്കിയത് ;

(ജി) ഈ സ്ലാബ് സമ്പ്രദായം നടപ്പിലാക്കിയതുമൂലം വന്ന അപാകതകളെക്കുറിച്ചുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) സ്ലാബ് സമ്പ്രദായംമൂലം ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം അടയ്ക്കേണ്ട സ്ഥിതി ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഒരു പ്രാവശ്യം (1982 സെപ്റ്റംബറിൽ).

(ബി, സി, ഡി) ഇലക്ട്രിസിറ്റി സപ്ലൈ നിയമത്തിന് 1983 ൽ പാർലമെന്റ് വരുത്തിയ ഭേദഗതിയനുസരിച്ച് ബോർഡിനു 1985-86 മുതൽ മുതൽമുടക്കിന്റെ മൂന്നു ശതമാനമെങ്കിലും മിച്ചം ഉണ്ടാക്കേണ്ടതുണ്ട്. ഇക്കാര്യത്താൽ ഒരു താരിഫ് പരിഷ്കരണം ആവശ്യമാണെന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബോർഡിന്റെ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ വിശദമായ പരിശോധനയിലാണ്. തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോഴത്തെ നിലവിലുള്ള സമ്പ്രദായംമൂലം ബോർഡിന് അധിക വരുമാനമൊന്നും ഉണ്ടായിട്ടില്ല. ഇതു ഉപഭോക്താവിന്റെയും ബോർഡിന്റെയും സൗകര്യത്തെ ആസ്പദമാക്കി നടപ്പിലാക്കിയ ഒരു പരിപാടിയാണ്.

(എഫ്) 1974-ൽ ഏറ്റവും താണ ഉപയോഗത്തിന്റെ രണ്ടു സ്ലാബുകളും 1979-ൽ എട്ടുവരെയുള്ള സ്ലാബുകളും നിലവിൽവന്നു. 1984-ൽ 'പ്രൊവിഷണൽ കാർഡ് സമ്പ്രദായം' നിലവിൽ വന്നു.

(ജി) ഉണ്ട്.

(എച്ച്) ഉണ്ട്.

(ഐ) എല്ലാ വശങ്ങളും ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. താമസംവിനാ അതിൻമേൽ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. എ. കെ.. ശശീന്ദ്രൻ : സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ടനുസരിച്ച് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രമേ ചാർജ് ഈടാക്കാവൂ എന്ന നിയമം നിലവിലിരിക്കെ ആ നിയമത്തെ ദുർബലപ്പെടുത്തിക്കൊണ്ടുള്ള സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുന്നത് നിയമത്തെ മറികടക്കലല്ലേ? അങ്ങനെ നിയമത്തെ മറികടക്കുന്ന ആ സ്ലാബ് സമ്പ്രദായം അവസാനിപ്പിച്ച് നിയമാനുസരണമുള്ള നടപടികളും എടുക്കുന്നതിന് ബോർഡ് തയ്യാറാകാത്തത് എന്തുകൊണ്ടാണ്?

ശ്രീ. കെ. എം. മാണി : അതിന്റെ നിയമ വശങ്ങളും ധാർമ്മിക വശങ്ങളുമെല്ലാം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഉടനെതന്നെ ഒരു തീരുമാനമുണ്ടാകുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, സ്ലാബ് സമ്പ്രദായം നിലവിൽ വന്നതുകൊണ്ട് യഥാർത്ഥത്തിൽ ഉപയോഗിച്ച വൈദ്യുതിയെക്കാൾ കൂടുതൽ സംഖ്യ വിദ്യുച്ഛക്തി ഉപഭോക്താക്കൾ കൊടുക്കേണ്ടി വരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇത് ബുദ്ധിമുട്ടുള്ള കാര്യമായതുകൊണ്ട് മാസത്തിൽ ഒരിക്കൽ മീറ്റർ റീഡിംഗ് നടത്തി യഥാർത്ഥത്തിൽ ഉപയോഗിച്ച വൈദ്യുതിക്ക് ചാർജ് ഈടാക്കുന്ന ശരിയായ സമീപനം സ്വീകരിക്കാൻ നടപടി ഉണ്ടാകുമോ?

ശ്രീ. കെ. എം. മാണി : ഇതിൽ ഗുണവും ദോഷവുമുണ്ട്. 81 മുതൽ 100 വരെയുള്ള സ്ലാബിലുള്ള ആളുകളാണെങ്കിൽ 81 മുതൽ 100 വരെ പോകാം. 81 ലെ ചാർജ് കൊടുത്താൽ മതി. അപ്പോൾ അതിൽ ഗുണവും ഉണ്ട്. ചില ബുദ്ധിമുട്ടുകളുണ്ട്. ഇതിലെ എല്ലാ വശങ്ങളും ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതി മീറ്ററിൽ വരാതിരിക്കുന്നതിന് പല വിദ്യകളും പ്രയോഗിക്കുന്നതുകൊണ്ട് ധാരാളം നഷ്ടം ഗവൺമെന്റിനുണ്ടായിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. കെ. എം. മാണി : അങ്ങനെ ചില സംഭവങ്ങൾ വിജിലൻസ് കണ്ടുപിടിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സ്ലാബ് സമ്പ്രദായത്തെക്കുറിച്ച് വളരെയധികം ആക്ഷേപം ഉണ്ടായിട്ടുണ്ട്. കേരളത്തിലെ നിരവധി പത്രങ്ങളിൽ ഇതു സംബന്ധിച്ച ആക്ഷേപങ്ങളും വരികയുണ്ടായി. ചെറുകിട കൺസ്യൂമേഴ്സിനെ സംബന്ധിച്ചിടത്തോളം വലിയ ഭാരമായി മാറിയിട്ടുള്ള സ്ലാബിന്റെ അപാകതകളും പരിഹരിക്കുവാനുള്ള ഗവൺമെന്റിന്റെ തീരുമാനം എന്നത്തേയ്ക്ക് ഉണ്ടാകും എന്നു ദയവായി വെളിപ്പെടുത്തുമോ ?

ശ്രീ. കെ. എം. മാണി : അധികം താമസിക്കാതെ, ഉടൻതന്നെ ഉണ്ടാകും.

ശ്രീ. എം. വി. രാഘവൻ : വെളിച്ച വിപ്ലവം നടത്തുന്ന ഈ കാലത്ത് സ്ലാബ് സമ്പ്രദായംകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ട് എന്നുള്ളതു പരിഗണിച്ച് ഇതു നിറുത്താനുള്ള തീരുമാനം തന്നെ ഉണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : ശ്രീ. രാഘവന്റെ വികാരത്തോടു യോജിച്ചുകൊണ്ട് എല്ലാ വശങ്ങളും ഗവൺമെന്റ് പരിശോധിച്ച് ഉടൻ ഒരു തീരുമാനം അറിയിക്കാം.

ശ്രീ. എം. വി. രാഘവൻ : ഉടൻ തീരുമാനം തരുമ്പോൾ ഒരു കാര്യംകൂടി പരിഗണിക്കണം. വെളിച്ച വിപ്ലവം എന്നുപറഞ്ഞ ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പ് ഏറെറടുക്കുമ്പോൾ നടത്തിയ പ്രഖ്യാപനങ്ങളുടെ ഫലമായിട്ട് ഇപ്പോൾ വെളിച്ചം എത്താത്ത ഗ്രാമങ്ങളിൽ വെളിച്ചം എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ശ്രീ. രാഘവൻ ശരിക്കും അതിന്റെ ലക്ഷ്യം മനസ്സിലാക്കി. വെളിച്ച വിപ്ലവം എന്നു പറഞ്ഞാൽതന്നെ വെളിച്ചം എത്താത്ത 260 വാർഡുകളിൽ വെളിച്ചം എത്തിക്കുക എന്നതാണ്. അത് പതുക്കെപ്പതുക്കെയല്ല, വളരെ വേഗത്തിൽ നടന്നുവരികയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ബഹുമാനപ്പെട്ട മന്ത്രി അദ്ധ്വാന വർഗ്ഗത്തിന്റെ നേതാവാണല്ലോ. കൃഷിക്കാർക്ക് പുതുതായി കപ്പാസിറർ വച്ചതുകൊണ്ട് കപ്പാസിറർ വയ്ക്കാത്തവർക്കും 30 ശതമാനവും 40 ശതമാനവും ഫൈൻ ഈടാക്കുന്ന സമ്പ്രദായം അവസാനിപ്പിച്ച് കൃഷിക്കാർക്ക് കപ്പാസിറർ വയ്ക്കുന്ന ഏർപ്പാട് നിറുത്തുവാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : അദ്ധ്വാന വർഗ്ഗത്തിന് കപ്പാസിറർ വയ്ക്കാൻ കപ്പാസിററിയില്ലെങ്കിൽ ഈ കാര്യത്തെക്കുറിച്ച് പരിശോധിച്ചിട്ട് പ്രതിവിധിയുണ്ടാക്കാം.

ശ്രീ. ടി. കെ. ഹംസ : മലബാർ പ്രദേശത്ത് പ്രത്യേകിച്ചും മലപ്പുറം ജില്ലയിൽ വോൾട്ടേജ് വളരെ കുറവായിട്ടാണ് അനുഭവപ്പെടുന്നത്. രാത്രി പതിനൊന്നു മണിവരെ മെഴുകുതിരി കത്തിച്ച വെളിച്ചം പോലും ഇല്ല. അതിന് എന്തെങ്കിലും ഒരു പരിഹാരം കാണുമോ ?

ശ്രീ. കെ. എം. മാണി : വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ഒരു വമ്പിച്ച വോൾട്ടേജ് പ്രോഗ്രാം ഗവൺമെന്റ് ഏറെറടുക്കുകയാണ്. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി രാജ്യത്ത് പലേടത്തും സബ്സ്റ്റേഷൻ സ്ഥാപിച്ചും ശക്തിയേറിയ ട്രാൻസ്മിഷൻ ലൈൻ

LIBRARY ARCHIVES Kerala Legislative Assembly

വലിച്ചും സമഗ്രമായി വോൾട്ടേജ് പ്രശ്നം പരിഷ്ക്കരിക്കുന്നതിനുള്ള ഒരു പദ്ധതിയിലേക്ക് കടക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കുമ്പോൾ ഈ പ്രതിപക്ഷത്തിന്റെ വോൾട്ടേജുകൂടി വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ ?

(ഉത്തരം പറയാൻ അനുവദിച്ചില്ല)

ശ്രീ. കെ. മൂസ്സക്കുട്ടി : സ്ലാബ് സമ്പ്രദായം പരിഹരിക്കുന്നതിനു വേണ്ടി ബോർഡിൽനിന്നും നിർദ്ദേശം വരികയും അതുപോലെതന്നെ കത്താത്ത വെളിച്ചത്തിനുവേണ്ടി പണം അടയ്ക്കേണ്ടി വരികയും ചെയ്യുന്നതിന്റെ ഫലമായി ഈ സംസ്ഥാനത്തെ ഉപഭോക്താക്കൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഒരു വമ്പിച്ച പ്രക്ഷോഭണത്തിന് തയ്യാറെടുക്കുകയും മന്ത്രിയെക്കണ്ടു നിവേദനം നടത്തുകയും ചെയ്തു. അതിന്റെ ഫലമായി, ഗവൺമെന്റ് ഈ സമ്പ്രദായത്തിൽ ഏതെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. എം. മാണി : പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പഠിച്ച് ഉടൻതന്നെ തീരുമാനമറിയിക്കാമെന്നു പറഞ്ഞ സ്ഥിതിക്ക് സമരത്തിനു പോയിട്ട് യാതൊരു കാര്യവും ഇല്ല. ഗവൺമെന്റ് എല്ലാ വശങ്ങളും പഠിച്ച ശേഷം പ്രതിവിധി ഉണ്ടാക്കാം.

ശ്രീ. കെ. ടി. കണാരൻ : സ്ലാബ് സമ്പ്രദായം നടപ്പാക്കിയതിന്റെ ഫലമായിട്ട് അതിന്റെ അപാകതകൊണ്ട്, പാവപ്പെട്ട ഉപഭോക്താക്കളിൽനിന്നും കവർച്ച ചെയ്തെടുത്തിട്ടുള്ള സംഖ്യ തിരിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇതൊക്കെ പദപ്രയോഗങ്ങളാണ്. അങ്ങനെ കവർച്ച ചെയ്തിട്ടില്ല. ചെയ്യുകയുമില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സ്ലാബ് സമ്പ്രദായത്തിന്റെ എല്ലാ വശങ്ങളും പഠിച്ച് തീരുമാനമെടുക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു പറഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയിൽ മുഴുവനും സൗജന്യമായിട്ടാണ് കൺസംമ്പ്ഷൻ. കൊല്ലത്തു പുതിയ സ്ലാബ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതു പിരിക്കുന്നത് താൽക്കാലികമായ തീരുമാനമുണ്ടാകുന്നതുവരെ നിറുത്തി വയ്ക്കുവാൻ സൻമനസ്സുണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : ആ പിരിവും ഇതും രണ്ടാണ്. അതുകൊണ്ട് നിറുത്തിവയ്ക്കുവാൻ പറ്റില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഉടൻ തീരുമാനമെടുക്കുമെന്നു, ഇവിടെ പറഞ്ഞു. ഈ സമ്പ്രദായത്തിനു ഗുണവും ഉണ്ട്, ദോഷവും ഉണ്ട്. ഗുണം എന്നു പറയുമ്പോൾ 1982-ലെ സ്ലാബ് നിശ്ചയിക്കുമ്പോൾ 1982-ലെ പൈസ അടച്ചാൽ മതി. പക്ഷെ ഞങ്ങൾക്കുതന്ന കാർഡിലെ ഇലക്ട്രിസിറ്റി ബോർഡിന്റെ നിയമത്തിൽ പറയുന്നത് സ്ലാബിൽ നിശ്ചയിച്ചിട്ടുള്ള പണം അടച്ച് വർഷാവസാനം ബിൽ വരുമ്പോൾ കൂടുതൽ കൺസ്യൂം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ കാശും അടയ്ക്കണമെന്നാണ്. കുറവാണ് കൺസ്യൂം ചെയ്തിട്ടുള്ളതെങ്കിൽ അവർ കാശ് മടക്കിത്തരുകയുമില്ല. ഈ തട്ടിപ്പ് അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ സാമ്പത്തികം മാത്രമാണ് നോക്കുന്നത്. യൂട്ടിലിറ്റിക്കൂടി നോക്കണമെന്നാണ് ഞാൻ പറയുന്നത്. യൂട്ടിലിറ്റിയാണെങ്കിൽ, നമുക്ക് ഇനിയും കൂടുതലായിട്ട് ഉപയോഗിക്കാം. അതിനു പല വ്യവസ്ഥകളുമുണ്ട്. അവയെല്ലാം പരിശോധിച്ച് ഉടൻ തീരുമാനമറിയിക്കാം.

ശ്രീ. പി. സീതിഹാജി : വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി പുതിയ സബ്സ്റ്റേഷൻ കൊണ്ടുവരുന്നു എന്നു പറഞ്ഞു. മലപ്പുറം ജില്ലയിൽ ചേലായിയിൽ ഒരു പുതിയ സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ട് കുറെ വർഷങ്ങളായി. അവിടേയ്ക്ക് ലൈൻ വലിക്കാൻ കഴിയാതെ മുടങ്ങിക്കിടക്കുകയാണ്. അതുംകൂടി ഈ വെളിച്ച വിപ്ലവത്തിന്റെ കൂട്ടത്തിൽ ശരിയാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. എ . മാണി : പരിഗണിക്കാം.

സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ്

* 28. [31] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനെ സംബന്ധിച്ച റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭേദഗതി അനുസരിച്ച് വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എത്ര രൂപാ വീതം നൽകിയെന്ന് വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ : ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച റൂൾസിൽ ഭേദഗതി വരുത്തിയിട്ടില്ലെന്നാണ്. (എസ്. ആർ. ഒ. നമ്പർ 1586/84). റൂൾസിൽ ഭേദഗതി വരുത്തിയത് ഇവിടെ മേശപ്പുറത്തു വച്ചിട്ടുണ്ട്. ആ റൂൾസിൽ ഭേദഗതി വരുത്തിയതിന്റെ ഓർഡറാണ് എന്റെ കൈയിൽ ഉള്ളത്. ആ റൂൾസിന്റെ എസ്. ആർ. ഒ. 1587/84 ആയി വച്ചിട്ടുള്ള ഭേദഗതി അനുസരിച്ച് ഏതെങ്കിലും സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : വിദ്യാഭ്യാസ നിയമത്തിൽ 28-ാം അദ്ധ്യായത്തിൽ ചേർത്തിട്ടുള്ളതാണ്, മെയിന്റനൻസ് ഗ്രാന്റിനെ സംബന്ധിക്കുന്ന വ്യവസ്ഥകൾ. അതിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല. ചോദ്യം തന്നെ സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ എന്നാണ്. അങ്ങനെ വരുത്തിയിട്ടില്ല. അദ്ദേഹം ഉദ്ദേശിക്കുന്നതു വേറെയെന്തെങ്കിലും റൂളിനെ സംബന്ധിച്ചായിരിക്കാം. അത് പ്രത്യേകമായി പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly